**Sree Sankaracharya University of Sanskrit, Kalady**
**(A Statutory Educational Institution Constituted by Government of Kerala)**
**Reaccredited by NAAC with 'A+'Grade**
**OFFICE OF THE PUBLIC RELATIONS**
**Kalady P.O., Ernakulam (Dist), Kerala – 683 574**
**Phone: 0484-2463380, 9447123075, E-mail: pro@ssus.ac.in, Website: www.ssus.ac.in**

**14-11-2025**

പ്രസിദ്ധീകരണത്തിന്

## (1) സംസ്കൃത ദിനാചരണം ഡിസംബർ അഞ്ചിന് സംസ്കൃത സർവ്വകലാശാലയിൽ

പൊതുവിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന സംസ്ഥാനതല സംസ്കൃത ദിനാചരണം ഡിസംബർ അഞ്ചിന് ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ നടക്കും. സ്വാഗതസംഘം രൂപീകരണ സമ്മേളനം പൊതുവിദ്യാഭ്യാസ വകുപ്പ് അഡീഷനൽ ഡയറക്ടർ ആർ. എസ്. ഷിബു ഉദ്ഘാടനം ചെയ്തു. രജിസ്ട്രാർ ഡോ. മോത്തി ജോർജ് അധ്യക്ഷനായിരുന്നു. സിൻഡിക്കേറ്റ് അംഗം ഡോ. എം. സത്യൻ, സംസ്കൃത പ്രചാരണ വിഭാഗം നോഡൽ ഓഫിസർ ഡോ. കെ. വി. അജിത്കുമാർ, പൊതുവിദ്യാഭ്യാസ വകുപ്പ് സംസ്കൃതം സ്പെഷൽ ഓഫിസർ ടി. പി. ഹാരിസ്, ഫിനാൻസ് ഓഫിസർ സിൽവി കൊടക്കാട്, സംസ്കൃതം അക്കാദമിക് കൗൺസിൽ സംസ്ഥാന സെക്രട്ടറി അബ്ദുൽ ലത്തീഫ് എന്നിവർ പ്രസംഗിച്ചു.

**ഫോട്ടോ അടിക്കുറിപ്പ്:**
**ഫോട്ടോ ഒന്ന്:** പൊതുവിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന സംസ്ഥാനതല സംസ്കൃത ദിനാചരണത്തിന്റെ സ്വാഗതസംഘം രൂപീകരണ സമ്മേളനം പൊതു വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ഡയറക്ടർ ആർ. എസ്. ഷിബു ഉദ്ഘാടനം ചെയ്യുന്നു. സിൻഡിക്കേറ്റ് അംഗം ഡോ. എം. സത്യൻ, രജിസ്ട്രാർ ഡോ. മോത്തി ജോർജ്, പൊതുവിദ്യാഭ്യാസ വകുപ്പ് സംസ്കൃതം സ്പെഷൽ ഓഫിസർ ടി. പി. ഹാരിസ് എന്നിവർ സമീപം.

## (2) ഡോ. പ്രദീപൻ പാമ്പിരികുന്ന് വരും തലമുറയ്ക്ക് മാതൃക: പ്രൊഫ. കെ. കെ. ഗീതാകുമാരി

ചിരിയും ചിന്തയും വിഷയ വൈദഗ്ധ്യവും ഒരുപോലെ സമ്മേളിച്ച ഡോ. പ്രദീപൻ പാമ്പിരികുന്ന് വരും തലമുറയ്ക്ക് മാതൃകയാണെന്ന് ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി പറഞ്ഞു.

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ ഭരണഭാഷാവലോകന സമിതിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച മാതൃഭാഷാവാരാചരണ സമാപന സമ്മേളനത്തിൽ ഈ വർഷത്തെ ഡോ. പ്രദീപൻ പാമ്പിരികുന്ന് സ്മാരക ഭാഷാപുരസ്കാര ജേതാവ് ഗ്രന്ഥപ്പുരയുടെ സ്ഥാപകൻ ഷിജു അലക്സിന് സമർപ്പിച്ച് സംസാരിക്കുകയായിരുന്നു പ്രൊഫ. കെ. കെ. ഗീതാകുമാരി. ഡോ. പ്രദീപൻ പാമ്പിരികുന്ന് ഒരു വിസ്മയമാണ്. ദളിത് സാഹിത്യ വിജ്ഞാനത്തിന്റെ സൈദ്ധാന്തിക അടിത്തറ രൂപപ്പെടുത്തുന്നതിൽ ഡോ. പ്രദീപൻ പാമ്പിരികുന്ന് പ്രധാന പങ്ക് വഹിച്ചു പ്രൊഫ. കെ. കെ. ഗീതാകുമാരി പറഞ്ഞു.

കാലടി മുഖ്യ കാമ്പസിലുള്ള ലാംഗ്വേജ് ബ്ലോക്കിലെ സെമിനാർ ഹാളിൽ നടന്ന ചടങ്ങിൽ രജിസ്ട്രാർ ഡോ. മോത്തി ജോർജ് അദ്ധ്യക്ഷനായിരുന്നു. സംസ്ഥാന ഭരണഭാഷാപു പുരസ്കാരം ലഭിച്ച സുഖേഷ് കെ. ദിവാകർ, ഭാഷയ്ക്കൊരു ഡോളർ പുരസ്കാരം ലഭിച്ച ഡോ. ഇന്ദുലേഖ കെ.എസ്., ഭാഷാവലോകന സമിതി മുൻ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ പ്രേമൻ തറവട്ടത്ത് എന്നിവരെ ആദരിച്ചു. ഡോ. ബിച്ചു എക്സ്. മലയിൽ, ഡോ. പ്രദീപൻ പാമ്പിരികുന്ന് അനുസ്മരണപ്രഭാഷണം നിർവ്വഹിച്ചു. മാതൃഭാഷാവാരാചരണ മത്സരങ്ങളിൽ വിജയികളായവർക്ക് സിൻഡിക്കേറ്റ് അംഗം ഡോ. വി. ലിസി മാത്യു സമ്മാനങ്ങൾ വിതരണം ചെയ്തു. ഫിനാൻസ് ഓഫീസർ സിൽവി കൊടക്കാട്, പുരസ്കാര ജേതാവ് ഷിജു അലക്സ്, ഡോ. സജിത കെ.ആർ., പി.ബി. സിന്ധു എന്നിവർ പ്രസംഗിച്ചു.

**ഫോട്ടോ അടിക്കുറിപ്പ്**

**ഫോട്ടോ രണ്ട് :** മാതൃഭാഷയുടെ സംരക്ഷണത്തിനും വികാസത്തിനുമുള്ള പ്രവർത്തനങ്ങൾക്ക് ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ഏർപ്പെടുത്തിയ ഡോ. പ്രദീപൻ പാമ്പിരികുന്ന് സ്മാരക മാതൃഭാഷാ പുരസ്കാരം ഗ്രന്ഥപ്പുരയുടെ സ്ഥാപകൻ ഷിജു അലക്സിന് വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി സമ്മാനിക്കുന്നു. സിൻഡിക്കേറ്റ് അംഗം ഡോ. വി. ലിസി മാത്യു, രജിസ്ട്രാർ ഡോ. മോത്തി ജോർജ്, ഫിനാൻസ് ഓഫീസർ സിൽവി കൊടക്കാട്, ഡോ. സജിത കെ. ആർ. എന്നിവർ സമീപം.

**ഫോട്ടോ മൂന്ന് :** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ ഭരണഭാഷാവലോകന സമിതിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച മാതൃഭാഷാവാരാചരണ സമാപന സമ്മേളനത്തിൽ ഈ വർഷത്തെ ഡോ. പ്രദീപൻ പാമ്പിരികുന്ന് സ്മാരക മാതൃഭാഷാ പുരസ്കാരം ഗ്രന്ഥപ്പുരയുടെ സ്ഥാപകൻ ഷിജു അലക്സിന് സമ്മാനിച്ചുകൊണ്ട് വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി പ്രസംഗിക്കുന്നു. പുരസ്കാര ജേതാവ് ഷിജു അലക്സ്, സിൻഡിക്കേറ്റ് അംഗം ഡോ. വി. ലിസി മാത്യു, രജിസ്ട്രാർ ഡോ. മോത്തി ജോർജ്, ഫിനാൻസ് ഓഫീസർ സിൽവി കൊടക്കാട് എന്നിവർ സമീപം.

**ജലീഷ് പീറ്റർ**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ നം. 9447123075